## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1797 — 17.06.2013 ൽ മറുപടിക്ക്

### കണ്ണൂർ വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി 04-03-1998 ലെ വിജ്ഞാപന പ്രകാരം എത്ര ഭൂമി ഏറ്റെടുത്തു ; എപ്പോഴാണ് കെ. ഐ . എ.എൽ ന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയത് ; | (എ) | 04.03.1998 ലെ വിജ്ഞാപന പ്രകാരം 12 എൽ എ ബ്ലോക്കുകളിലായി കീഴല്ലൂർ വില്ലേജിൽ 77.8047 ഹെക്ടർ (192.18 ഏക്കർ) ഭൂമി 1999-2001- ൽ ഏറ്റെടുത്തു. പ്രസ്തുത ഭൂമി തലശ്ശേരി തഹസീൽദാരുടെ 19.05.2011 ലെ ഡി4-12524/11(1) നമ്പർ നടപടി ക്രമപ്രകാരം കിയാലിന് കൈമാറി യിട്ടുണ്ട്. |
| (ബി) | 22-08-2007 -ലെ വിജ്ഞാപന പ്രകാരം എത്ര ഭൂമി ഏറ്റെടുത്തു; എപ്പോഴാണ് കെ. ഐ . എ.എൽ ന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയത് ; | (ബി) | 22.08.2007 ലെ വിജ്ഞാപന പ്രകാരം 1085.75 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 453 ഏക്കർ ഭൂമി ഗവൺമെന്റ് ഷെയറായി കിയാലിന് 13.07.2012 - ൽ കൈമാറിയിട്ടുണ്ട്. |
| (സി) | മൂന്നാം ഘട്ടമായി ഏറ്റെടുക്കലിനു വിജ്ഞാപനം പുറപ്പെടുവിച്ചതെന്നാണ് ; പ്രസ്തുത വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് ; വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞിട്ടും ഭൂമി ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വിജ്ഞാപന കാലാവധി ദീർഘിപ്പിക്കുവാൻ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ; | (സി) | മൂന്നാംഘട്ട വിജ്ഞാപനം 22.07.2009 - ൽ പുറപ്പെടുവിച്ചു. വില്ലേജാഫീസിലും സ്ഥലത്തും പ്രസ്തുത വിജ്ഞാപനം അവസാനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷത്തിനകം കരട് പ്രഖ്യാപനം അംഗീകരിച്ച് പുറപ്പെടുവിക്കാൻ കഴിയാത്തതു മൂലം 7 (എൽ എ) ബ്ലോക്കുകളിൽ ഉൾപ്പെട്ട 142.60 ഏക്കർ ഭൂമിയുടെ വിജ്ഞാപനം റദ്ദായിട്ടുണ്ട്. രണ്ടാമത് വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | റൺവേ നിർമ്മാണത്തിന് എത്ര ഭൂമി വേണ്ടി വരുമെന്നും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചോയെന്നും വ്യക്തമാക്കുമോ? | (ഡി) | റൺവേ ഒരുക്കുന്നതിന് ഏകദേശം 580 ഏക്കർ ഭൂമി ആവശ്യമായത് ഇതിനകം ഏറ്റെടുത്ത ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്. റൺവേയുടെ അനുബന്ധമായ അപ്രോച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ സ്ഥലം ആവശ്യമാണോ എന്ന് കൺസൾട്ടന്റ് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ